"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും ദിവസ വേതനം എഴുതി നൽകിയ സംഭവം - സസ്പെൻഡ് ചെയ്ത ഉദ്യോഗസ്ഥരെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.150/2023/F&WLD തീയതി,തിരുവനന്തപുരം, 31-03-2023

പരാമർശം:-

1. 02.09.2021-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻ സ് & ഫോറസ്റ്റ് ഇന്റലിജൻസ്) ന്റെ KFDHQ/7358/2019-VIG/VE2 നമ്പർ കത്ത്.
2. 09.03.2023-ലെ സ.ഉ.(സാധാ. ) നം.101/2023/വനം നമ്പർ സർക്കാർ ഉത്തരവ്
3. 22.03.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ B2/4602/2021 നമ്പർ കത്ത്

**ഉത്തരവ്**

തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും വേതനം എഴുതി നൽകുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10(1) (a) പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു

പ്രസ്തുത വിഷയത്തിലെ അന്വേഷണം 2021-ൽ വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും കുറ്റാരോപിതർക്കുള്ള കുറ്റപത്രം / കുറ്റാരോപണപത്രിക തയ്യാറാക്കി അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും അന്വേഷണം പൂർത്തീകരിച്ച് അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ കുറ്റാരോപിതർക്ക് വിജിലൻസ് അന്വേഷണത്തേയോ തുടർനടപടികളേയോ സ്വാധീനിക്കാനുള്ള യാതൊരു സാഹചര്യവും നിലവിലില്ലെന്നും മേൽ സാഹചര്യത്തിൽ കുറ്റാരോപിതർക്കെതിരെയുള്ള സസ്പെൻഷൻ നടപടികൾ പിൻവലിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്ററ് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ട് പരിഗണിച്ച്

സസ്പെൻഷനിൽ തുടരുന്ന ചുവടെ പേരു ചേർക്കുന്ന ജീവനക്കാരെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു. കുറ്റാരോപിതർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടരുന്നതാണ് .

1. ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
2. ശ്രീ.അബ്ജു.കെ.അരുൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
3. ശ്രീ.എസ്.വി.അഭിലാഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
4. ശ്രീ. ബി.വിനോദ്കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
5. ശ്രീ.എ.ജിൽസൺ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
6. ശ്രീ.എം.കെ.പ്രസാദ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
7. ശ്രീ.എം.ലാലു ജാൻ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
8. ശ്രീ.എസ്.ആർ.റോബർട്ട്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
9. ശ്രീ.സുനിൽ ജോർജ്ജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
10. ശ്രീ.എ.ആൻസൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
11. ശ്രീ.എ.മുനീർ ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
12. ശ്രീ.അനൂപ്.എൻ.കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
13. ശ്രീമതി.രമ്യ എസ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
14. ശ്രീമതി.ശാന്തികൃഷ്ണ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
15. ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
16. ശ്രീ.എസ്.അഖിൽ ദേവ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
17. ശ്രീമതി.അനു,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
18. ശ്രീ.റോണി.സി.അലക്സാണ്ടർ,സീനിയർ ക്ലാർക്ക്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ബന്ധപ്പെട്ട ജീവനക്കാർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

വനം വന്യജീവി (എഫ്) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 31-03-2023 16:24:41
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്